LIBRARY ARCHIVES Kerala Legislative Assembly

ട്രഷറികളിലെ സോഫ്റ്റ്വെയർ തകരാറുകൾ

87(3518) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിലെ സോഫ്റ്റ്വെയർ സ്ഥിരമായി തകരാറിലാകുന്ന കാര്യം പരിശോധിക്കുമോ; നിലവിലെ സോഫ്റ്റ്വെയർ തയ്യാറാക്കി നൽകിയത് ആരാണെന്നും സോഫ്റ്റ്വെയർ മെയിന്റനൻസിന്റെ ചുമതല ആർക്കാണെന്നും അറിയിക്കുമോ; ഇതിനായി പണം നൽകിയിട്ടുണ്ടോ; എങ്കിൽ നൽകിയ തുക എത്രയെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ ട്രഷറിയിൽ ഉപയോഗിക്കുന്ന സോഫ്റ്റ്വെയറിന് നിലവിൽ തകരാറുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ട്രഷറി ഇടപാടുകൾ ഉൾപ്പെടെ സർക്കാരിന്റെ എല്ലാ സാമ്പത്തിക ഇടപാടുകളും നടത്തുന്നത് Integrated Financial Management System (IFMS) ഉൾപ്പെട്ട സോഫ്റ്റ്വെയർ മുഖേനയാണ്. ഈ സോഫ്റ്റ്വെയർ തയ്യാറാക്കിയിട്ടുള്ളതും പരിപാലിക്കുന്നതും കേന്ദ്ര സർക്കാർ സ്ഥാപനമായ National Informatics Centre (NIC) ആണ്. ട്രഷറി സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിനായി നാളിതുവരെ 1,76,80,000 രൂപ NIC-യ്ക്ക് നൽകിയിട്ടുണ്ട്.

(ബി) ട്രഷറി ഡയറക്ടറേറ്റിലെ സോഫ്റ്റ്വെയർ ചുമതല ആർക്കാണ്; ട്രഷറി വകുപ്പിലെ സാങ്കേതിക പരിജ്ഞാനമുള്ള ഒരു ടീമിനെ ഉണ്ടാക്കി സോഫ്റ്റ്വെയർ പ്രശ്നം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ട്രഷറി വകുപ്പിലെ കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധപ്പെട്ട ദൈനംദിന സാങ്കേതിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് വകുപ്പിലെ തന്നെ സാങ്കേതിക വിഭാഗമായ Information System Management Cell (ISMC) ആണ്. പ്രസ്തുത വിഭാഗത്തിന്റെ ചുമതല ചീഫ് കോ-ഓർഡിനേറ്റർ, സ്റ്റേറ്റ് കോ-ഓർഡിനേറ്റർ എന്നിവർക്കാണ്. സംസ്ഥാനത്ത് സർക്കാർ വകുപ്പുകളിൽ ആദ്യമായി Virtual IT കേഡർ രൂപീകരിച്ചത് ട്രഷറി വകുപ്പാണ്. സാങ്കേതികവും അനുഭവ പരിജ്ഞാനവുമുള്ള ജീവനക്കാരെ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകിയാണ് Virtual IT കേഡറിലേയ്ക്ക് നിയോഗിച്ചിട്ടുള്ളത്. സോഫ്റ്റ്വെയർ സംബന്ധമായ പ്രശ്നങ്ങളുണ്ടെങ്കിൽ അവ പരിഹരിക്കുന്നത് NIC -യാണ്.

(സി) നിലവിൽ സംസ്ഥാനത്തെ ട്രഷറി നിക്ഷേപം എത്രയാണെന്ന് അറിയിക്കുമോ; ഇതിൽ സ്ഥിരനിക്ഷേപ ഇനത്തിൽപ്പെട്ട, നിക്ഷേപകർ ട്രഷറിയെ സമീപിക്കാത്ത എത്ര അക്കൗണ്ടുകളുണ്ടെന്ന് അറിയിക്കുമോ; ഇത്തരത്തിലുള്ള അക്കൗണ്ടുകളായി ആകെ എത്ര കോടി രൂപ ട്രഷറിയിലുണ്ടെന്ന് അറിയിക്കുമോ; ഇതിന്റെ മുതലും പലിശയും സംബന്ധിച്ച വിവരം തരംതിരിച്ച് ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

നിലവിലെ ട്രഷറി നിക്ഷേപം 48,445.39 കോടി രൂപയാണ്. കാലാവധി പൂർത്തിയായ സ്ഥിര നിക്ഷേപം പുതുക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ അത്തരം നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നില്ല. നിക്ഷേപം എത്ര കാലം കഴിഞ്ഞതിനുശേഷവും മുൻകാല തീയതി വച്ച് പുതുക്കാവുന്നതാണ്. ആയതുകൊണ്ടുതന്നെ നിക്ഷേപകർ ട്രഷറിയെ സമീപിക്കാത്ത അക്കൗണ്ടുകൾ എത്രയെന്നുള്ളത് പ്രസക്തമല്ല.

(ഡി) സ്ഥിരനിക്ഷേപകർ ട്രഷറിയെ സമീപിക്കാത്ത കേസുകളിൽ അവരുടെ അവകാശികളെ കണ്ടെത്തുവാൻ നടപടി സ്വീകരിക്കാറുണ്ടോ; വ്യക്തമാക്കുമോ?

നിക്ഷേപ കാലാവധി പൂർത്തിയാക്കുമ്പോൾ ഇതുസംബന്ധിച്ച് നിക്ഷേപകർക്ക് നോട്ടീസ് അയയ്ക്കുന്നതാണ്. നിക്ഷേപകൻ മരണപ്പെടുകയാണെങ്കിൽ അവകാശികൾക്ക് നിക്ഷേപ തുക കൈപ്പറ്റുവാൻ സമയപരിധി നിശ്ചയിച്ചിട്ടില്ല.

മുണ്ടക്കയം സബ് ട്രഷറിയുടെ കെട്ടിട നിർമ്മാണം

88(3519) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മുണ്ടക്കയം സബ്ട്രഷറിയുടെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

മുണ്ടക്കയം സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമിക്കുന്നതിന് കാഞ്ഞിരപ്പള്ളി താലൂക്കിൽ മുണ്ടക്കയം വില്ലേജിൽ ബ്ലോക്ക് നമ്പർ-5 സർവ്വേ നമ്പർ 446/12-ൽ ഉൾപ്പെട്ട 4.05 ആർ സ്ഥലം, ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കികൊണ്ട്, 27-2-2020-ൽ ട്രഷറി വകുപ്പിന് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് നിർമ്മാണ നിർവ്വഹണ ഏജൻസിയായ INKEL Ltd.-ന് 13-3-2020-ൽ നിർദ്ദേശം നൽകുകയും ഒരു വർഷത്തിനുശേഷം INKEL 19-3-2020-ന് പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് ട്രഷറി ഡയറക്ടറേറ്റിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിർമ്മാണ കാലതാമസം കാരണം പുതിയ നിർമ്മാണ പ്രവൃത്തികളൊന്നും തന്നെ INKEL Ltd. -ന് നൽകേണ്ടതില്ലെന്ന സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ കെട്ടിടം നിർമിക്കുന്നതിനായി സ്ഥലം ലഭ്യമായിട്ടുള്ള മുണ്ടക്കയം സബ് ട്രഷറിയുടെ നിർമ്മാണത്തിന് ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തി നിർത്തിവയ്ക്കുന്നതിന് INKEL-ന് 10-2-2021-ൽ നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുള്ള മുണ്ടക്കയം ട്രഷറിയുടെ നിർമ്മാണത്തിന്